**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2222** **21-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർപ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിനെ എയിംസ് മാതൃകയിലാക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ചുള്ള വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി KIIFB ഫണ്ട് മുഖേന നടപ്പാക്കുന്നതിന് 16.04.2018ലെ സർക്കാർ ഉത്തരവ് (സാധാ)നം. 1247/2018/ആ.കു.വ. പ്രകാരം 717.29 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബാഹ്യ അടിസ്ഥാന സൗകര്യ വികസനം, രോഗികളുടെ പരിചരണം മെച്ചപ്പെടുത്തൽ, പാർപ്പിട സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നീ പ്രധാന മേഖലകളിൽ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ദോഷകരമാകുന്ന തരത്തിൽ എസ്റ്റേറ്റ് മാനേജർ പ്രവർത്തിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ദോഷകരമാകുന്ന തരത്തിൽ എസ്റ്റേറ്റ് മാനേജർ പ്രവർത്തിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ എസ്റ്റേറ്റ് മാനേജർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ദോഷകരമാകുന്ന തരത്തിൽ എസ്റ്റേറ്റ് മാനേജർ പ്രവർത്തിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | മെഡിക്കൽ കോളേജ് മാസ്റ്റർപ്ലാൻ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; ഈ സർക്കാറിന്റെ കാലാവധിക്കുള്ളിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുവാൻ കഴിയുമോയെന്ന് വിശദമാക്കാമോ; | (ഡി) | തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്രവികസനത്തിനായി മാസ്റ്റർ പ്ലാൻ പദ്ധതി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി G.O(Rt)No. 1247/2018/H&FWD dated: 16/04/2018 പ്രകാരം 717.29 കോടി രൂപയുടെ ഭരണാനുമതി |

സർക്കാർ നൽകിയിട്ടുണ്ട്. ആയതിന്റെ നിർവ്വഹണ ഏജൻസിയായി ഇൻകലിനെ (M/S. INKEL) നിയമിക്കുകയും ചെയ്തു. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം, രോഗീപരിചരണം മെച്ചപ്പെടുത്തൽ, പാർപ്പിട സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നീ മേഖലകളിൽ ഊന്നൽ നൽകിക്കൊണ്ട് ഘട്ടം ഘട്ടമായി ആണ് മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നത്. ആയതിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന റോഡുകൾ, എലിവേറ്റഡ് കോറിഡോർ ഉൾപ്പെടെയുള്ള എക്സ്റ്റേണൽ ഇൻഫ്രാസ്ട്രക്ചർ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

മാസ്റ്റർ പ്ലാൻ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തിയിൽ ഉൾപ്പെടുന്ന എം.എൽ.റ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. 2024 വർഷാവസാനത്തോടെ ഈ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. Strengthening of Imageology പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിക്കുന്നു. ഈ വിഭാഗത്തിൽ സ്ഥാപിക്കേണ്ട എം.ആർ.ഐ, സി.റ്റി തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനായി പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തികൾ 2 മാസത്തിനകം പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു.

CCTV/Camera Surveillance system Control room സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒ.റ്റി ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള പുതുക്കിയ ധനാനുമതി കിഫ്ബിയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണി ആരംഭിക്കുന്നതാണ്.

11 നിലകളോട് കൂടി എസ്.എ.റ്റി ബ്ലോക്കിന്റെ നിർമ്മാണത്തിന് അംഗീകാരം ലഭിച്ച സാഹചര്യത്തിൽ, എസ്റ്റിമേറ്റ് സാങ്കേതിക അനുമതിയ്ക്കായി സമർപ്പിച്ച് പണികൾ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. മൾട്ടി ലെവൽ കാർ പാർക്കിംഗ് സിസ്റ്റത്തിന്റെ എസ്റ്റിമേറ്റ് പുതുക്കി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും പുതുക്കിയ സാമ്പത്തിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണി ആരംഭിക്കുന്നതാണ്.

| | | | |
|---|---|---|---|
| | | | നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | മാസ്റ്റർപ്ലാൻ പ്രകാരം പൂർത്തിയായതും പൂർത്തിയാക്കാനുള്ളതുമായ പ്രവൃത്തികൾ വിശദമാക്കാമോ; | (ഇ) | ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന റോഡുകൾ, എലിവേറ്റഡ് കോറിഡോർ ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എക്സ്റ്റേണൽ ഇൻഫ്രാസ്ട്രക്ചർ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തികളിൽ ഉൾപ്പെടുന്ന എം.എൽ.റ്റി ബ്ലോക്ക് നിർമ്മാണം, ഇമേജിയോളജി സംവിധാനം ശക്തിപ്പെടുത്തൽ, സി.സി.ടി.വി ക്യാമറ സംവിധാനം സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br><br>ഒ.റ്റി ബ്ലോക്ക് നിർമ്മാണം, എസ്.എ.റ്റി പീഡിയാട്രിക് ബ്ലോക്ക് നിർമ്മാണം, മൾട്ടി ലെവൽ കാർ പാർക്കിംഗ് സംവിധാനം, അക്കാദമിക് ബ്ലോക്ക് നിർമ്മാണം, പാർപ്പിട സൗകര്യങ്ങളുടെ നിർമ്മാണം, ഹോസ്റ്റൽ ഫെസിലിറ്റീസ് നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | മാസ്റ്റർപ്ലാൻ പ്രകാരം പൂർത്തിയാക്കേണ്ട പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയാത്തതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത മാസ്റ്റർപ്ലാൻ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (എഫ്) | തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള മാസ്റ്റർ പ്ലാൻ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനായി കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭ്യമാകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആക്കുന്നതിനു വേണ്ടി പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിന് അവലോകന യോഗങ്ങൾ കൃത്യമായി ചേരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ